Derby Malayalee Association

# E-THOOLIKA

JUNE 2024 VOL. 5



## 2024

SPORTS DAY & CRICKET

## SHORT STORY

## BRITISH MALAYALEE AWARDS 2024

BEST PLACES TO VISIT NEAR DERBY

JUNE 16, FATHER'S DAY

www.derbymalayaleeassociation.co.uk

# Contents


1 Editorial

2 Poem - Oh, my Indian Heart!

3 Event Calendar 2024-25

4 Painting

5 Short Story

6 Photography

7 Article - Friendship

8 Painting

9 Travelogue

10 Destination of the month

11 Birthday Wishes

12 News & Updates




COVER PIC BY : SUBIN THAKADIPURAM

# Editorial



2024 ലെ ബ്രിട്ടീഷ് മലയാളി അവാർഡ് വാർത്തകളിൽ നിറയുന്ന ദിവസങ്ങളിൽ ഡർബി മലയാളി അസ്സോസിയേഷനും അഭിമാനിക്കാവുന്ന വിഷയങ്ങളുണ്ട്. സിനിമാ താരങ്ങളായ മമിത ബൈജു, സനുഷ സന്തോഷ്, മാന്ത്രികനും ജീവകാരുണ്യ പ്രവർത്തകനുമായ ഗോപിനാഥ് മുതുകാട്, എന്നിവർ അതിഥികളായി എത്തിച്ചേരുന്ന പത്താമത് ബ്രിട്ടീഷ് മലയാളി അവാർഡ് വേദി ജൂൺ 22, ശനിയാഴ്ച രാവിലെ 11 മണിമുതൽ ലെസ്റ്ററിലെ മഹർ സെന്ററിലാണ് അരങ്ങേറുന്നത്. 2011ൽ സ്വിണ്ടനിൽ ആരംഭിച്ച പ്രതിഭാ പുരസ്കാര വേദി, 2019 ൽ കവൻട്രിയിൽ നടന്ന അവാർഡ് വിതരണങ്ങൾക്ക് ശേഷം കോവിഡ് കാലത്തെ അതിജീവിച്ച് 2024 ൽ ലെസ്റ്ററിലെത്തുമ്പോൾ, DMA യിലെ അംഗങ്ങളും സജീവ സാന്നിദ്ധ്യമായി മുൻനിരയിലുണ്ട് .

DMA യുടെ സജീവ അംഗമായ സാം തിരുവാതിലിലാണ് ബ്രിട്ടീഷ് മലയാളി അവാർഡ് പ്രോഗ്രാം കമ്മറ്റി ചെയർമാൻ.

നിരവധി തവണ DMA യുടെ വേദികളിൽ അവതാരകയായി നമ്മൾ കണ്ടിട്ടുള്ള ഐറിൻ കുശാൽ, നൃത്ത വൈഭവുമായി നമ്മുടെ വേദിയിലെത്തിയിട്ടുള്ള അൻജോ ജോർജ്ജ് (നമ്മുടെ അംഗം യേശുദാസ് ജോസഫിന്റെ ഭാര്യയാണ് അൻജോ) എന്നിവർ Mrs. Kerala കിരീടത്തിനായി മത്സരിക്കുന്നു. അനുഷ്ഠാനകലാരൂപമായ തെയ്യം ഡർബി മലയാളികളുടെ മുൻപിൽ അവതരിപ്പിച്ച് കാണികളെ ത്രസിപ്പിച്ച കലാപ്രകടനം കാഴ്ചവെച്ച നർത്തകൻ ടോളി പൗലോ, ഒപ്പം തെയ്യത്തിലെ താരങ്ങളായ ശ്രേയ സാം, ജുവാന റിജു, ജെനിറ്റ് ജോസ്, അലക്സ് വർഗീസ്, ആൻ മരിയ ജിനീഷ്, എസ്രാ ആറ്റിക്കൽ, ഹെവൻലി ആറ്റിക്കൽ, ഹെസ്സ ജയിംസ്, ഡയാന മിൽട്ടൺ, റിതിക രാജേഷ് നായർ, സിബി തോട്ടം എന്നിവർ കൂടുതൽ മികവോടെ തെയ്യവുമായി അവാർഡ് ദാന ചടങ്ങിന് മോടി കൂട്ടാനെത്തുന്നു.

DMA യുടെ നേതൃ നിരയിൽ തിളങ്ങിയ മികച്ച സംഘാടകരായ DMA മുൻ പ്രസിഡന്റ് ഷിബു രാമകൃഷ്ണൻ, മുൻ സെക്രട്ടറി മിൽട്ടൺ അലോഷ്യസ് എന്നിവർ ഒരിക്കൽ കൂടി സ്റ്റേജ് മാനേജ്മെന്റ് വൈദഗ്ധ്യങ്ങൾ പുറത്തെടുക്കുന്ന വേദിയാണ് ലെസ്റ്ററിലെ മഹർ സെന്ററിൽ.

മുൻകാലങ്ങളിൽ DMA യുടെ വേദികളിൽ പരിപാടികൾ അവതരിപ്പിച്ച് അംഗീകാരങ്ങൾ നേടിയിട്ടുള്ള യേശുദാസ് ജോസഫ്, ഗ്രീഷ്മ ബിജോയ്, രാജേഷ് നായർ എന്നിവർ അവതാരകരായും ബ്രിട്ടീഷ് മലയാളി അവാർഡ് വേദിയിലെത്തുന്നു.

DMA യുടെ മുഖമായി ആ വേദിയിലെത്തുന്ന എല്ലാ അംഗങ്ങൾക്കും ആശംസകൾ.

DMA Committee 2024.

# Oh, My Indian Heart!

Oh, my Indian heart!
Burning bright as a flame,
too hard to tame.
Trying to get out,
wanting to shout.

Oh, my Indian heart!
Bursting through my blood,
screaming through the flood.
Coursing through my brains,
I'm trying to keep it in chains.

Oh, my Indian heart!
Rampaging through the gates,
going as fast as someone in scates.
Piercing through my heart,
making me think I'm less smart.

Oh, my Indian heart!
Now I realised,
that this is what I prized.
I'm going to let it out,
with not a single doubt.

Oh, my Indian heart!
The sky stretched out like a silk set sari.
The sun shone above like the lights of Divali.
The Ganga flowing through my tongue
The songs of Yehmunah being sung.

Oh, my Indian heart!
I swear by Gita,
tread upon Kabbhichita.
My face will be towards the lotus ,
my soul towards my motherland.

JAI HIND!



Adam Eldose

# DMA UPCOMING EVENTS
## 2024-2025

**JUNE 29** — DMA SPORTS DAY

**JULY 7** — DMA CRICKET TOURNAMENT

**SEPT 21** — DMA ONAM CELEBRATION

**JAN 11** — DMA CHRISTMAS AND NEW YEAR CELEBRATION

STAYEZY

rostercare
Caters Quality Care

SECURING **HOMES**
ENSURING **LIVES**

**FREEDOM CIRCLE**



## Our Services:

- Mortgages
- Remortgaging
- Buy-To-Let
- Life Insurance
- Critical Illness Insurance
- Income Protection
- Home Insurance

*Call us today!*

**Abhilash Babu | 07429832168**

www.freedomcircle.co.uk

Your home or property may be repossessed if you do not keep up repayments on your mortgag

The Financial Conduct Authority does not regulate some forms of mortgage. Freedom Circle Limited does not charge any fee. We are paid a procuration fee by the lenders. For Mortgages, Freedom Circle Limited can advise from a comprehensive panel of lenders. For Insurance, Freedom Circle Limited can advice from a range of insurers. Freedom Circle Limited is authorised and regulated by the Financial Conduct Authority (Reference 808384). Freedom Circle Limited is a registered company in England and Wales (Registration number 11323478). Freedom Circle Limited trading address is Eaton House, 1 Eaton Road, Coventry CV1 2FJ



Please Contact:

**Abhilash Babu**

**Ph: 07429832168**



Manasi Rajeah



# ലബ്-ഡബ്ബ്

ജൂണിനെ പറ്റി ഓർക്കുമ്പോൾ നനഞ്ഞ വരാന്തയുള്ള സ്കൂളാണ് തെളിഞ്ഞു വരുന്നത്. സ്കൂൾ തുറപ്പിന് താളം പിടിക്കാൻ ചന്നം പിന്നം മഴ എത്തുന്ന കാലം. മഞ്ഞ പൂക്കൾ വീണ, മുന്നിൽ പോയ ആരുടെയൊക്കയോ കാൽപാട് ചെളിയിൽ പതിഞ്ഞ അലങ്കോലമായ മുറ്റം. ഇരുപത് പടികൾ കയറി ക്ലാസ്സിൽ എത്തിയപ്പോൾ എല്ലാം പുതിയ മുഖങ്ങൾ. കൂട്ടത്തിൽ ജാട ഇല്ലാത്ത രണ്ടുപേർ ഇന്നും സുഹൃത്തുക്കൾ ആണെന്നത് വല്ലാത്ത ആനന്ദം. ഇന്നത്തെ പോലെ മൊബൈൽ ഫോണോ, സോഷ്യൽ മീഡിയയോ ഒന്നും പ്രചാരത്തിൽ ഇല്ല. ദൂരദർശനും, ഏഷ്യാനെറ്റും, മലയാള മനോരമയും വാർത്ത എത്തിച്ചിരുന്ന മാധ്യമ കടിപിടി ഇല്ലാത്ത സമയമായിരുന്നു അത്.

അത്രക്കണ്ട് വിദ്യാർത്ഥി രാഷ്ട്രീയം ഒന്നും ഇല്ലാതിരുന്ന ഒരു കൊച്ച് കലാലയം, അവിടെ വലതുപക്ഷ അനുഭാവം വെച്ച് പുലർത്തിയ എന്നെക്കാൾ ഉയരമുള്ള, മീശയുള്ള, സുമുഖനായ കുര്യൻ ദാസ് ഞങ്ങൾ പോകുന്ന പ്രൈവറ്റ് ബസിന്റെ ഫൂട്ട് ബോർഡിൽ നിന്ന് എന്നും പോകുന്നത് ഞാൻ ശ്രദ്ധിക്കുമായിരുന്നു. സയൻസ് പഠിക്കുന്നത് എന്തിനെന്ന് ചോദിച്ചാൽ "അറിയില്ലെന്നും", ഹ്യുമാനിറ്റീസ് പഠിക്കുന്നത് സയൻസിന് സീറ്റ് കിട്ടാത്തോണ്ടാണെന്നും ഭൂരിപക്ഷം പറയുമ്പോൾ “എനിക്ക് ഹിസ്റ്ററി ഭയങ്കര ഇഷ്ടമാണ് പൊളിറ്റിക്സ് അല്ലെങ്കിൽ ഹിസ്റ്ററി കോളേജിൽ പോയി പഠിച്ച് ഡിഗ്രി എടുക്കണം” എന്നും കുര്യൻ പറഞ്ഞപ്പോൾ ജീവിതത്തിൽ അവന്റെ ലക്ഷ്യബോധം കണ്ട് എന്തിനോ വേണ്ടി സയൻസ് പഠിക്കുന്ന ഞാൻ അമ്പരന്നു...

ബെറ്റി...

കഴുത്തിൽ കൊന്ത ഇട്ട, മുടങ്ങാതെ കുർബാന കൂടുന്ന, അധികം ചിരിക്കാത്ത, പതുക്കെ മിണ്ടുന്ന, വീട്ടിലെ കഷ്ടപ്പാടുകൾ പഠിച്ച് ജോലി വാങ്ങി തീർക്കണം എന്ന് വിചാരിക്കുന്ന സയൻസ് ബാച്ചിലെ ഞങ്ങളുടെ ക്ലാസ്സിലെ പെൺകുട്ടി.

സെക്കന്റ് ലാംഗ്വേജ് ക്ലാസുകൾ സയൻസിനും ഹ്യുമാനിറ്റീസിനും ഒരുമിച്ചായതിനാൽ ചില സയൻസ്-ഹ്യുമാനിറ്റീസ് സങ്കര പ്രണയങ്ങൾ മൊട്ടിട്ട് തുടങ്ങിയിരുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഹിന്ദിയുടെ ആവശ്യകത തിരിച്ചറിഞ്ഞ കുര്യൻ സെക്കന്റ് ലാംഗ്വേജ് ഹിന്ദി എടുത്തതിനാൽ ആ പിരീഡിൽ ബെറ്റിയോടൊപ്പം പഠിക്കാൻ കഴിഞ്ഞു. കുര്യൻ ബെറ്റിയെ കണ്ണെടുക്കാതെ നോക്കുന്നുണ്ടെന്നും, ചില ഹിന്ദി ഗാനങ്ങൾ അറിയാതെ പാടുന്നുണ്ടെന്നും ഉള്ള കരക്കമ്പി ബെറ്റിയുടെ ചെവിയിലും എത്തി. പക്ഷെ, പഠിക്കാൻ മാത്രം കൊതിയുള്ള ബെറ്റി കുര്യന് മുന്നോട്ട് പോകാനുള്ള പച്ചവെളിച്ചം നൽകിയില്ല..

ദിവസങ്ങൾ കടന്ന് പോയി, മഴ മാറി, വൃച്ഛിക മാസം മാലയിട്ടു ഞാൻ വ്രതവും തുടങ്ങി,  കുര്യന് ബെറ്റിയെ ഇഷ്ടമാണെന്ന് പ്രിൻസിപ്പാൾ വരെ അറിഞ്ഞിട്ടും, ബെറ്റിയോട് തുറന്ന് പറയാൻ പ്രസംഗിക്കാൻ പേടിയില്ലാത്ത കുര്യന് കഴിഞ്ഞില്ല. ഇതിനിടയിൽ കുര്യനുമായി തരക്കേടില്ലാതെ ബന്ധം ഉച്ചക്ക് ദിനവും പഫ്സ് കഴിക്കുന്നതിനിടയിൽ സ്ഥാപിക്കാൻ എനിക്ക് കഴിഞ്ഞിരുന്നു. മലയ്ക്ക് പോയി, വ്രതം കഴിഞ്ഞു തിരിച്ചു വന്ന ഒരു ദിവസം ഉച്ചക്ക് പഫ്സിന്റെ പൊടി വായിൽ നിന്ന് തെറിപ്പിച്ചു ഞാൻ കുര്യനോട് ചോദിച്ചു "ആണവ കരാറിനെ പറ്റി മൈക്കിലൂടെ പറയുന്ന അത്രയും പാടല്ലലോ ഇതൊന്ന് നേരിട്ട് ബെറ്റിയോട് പറയുന്നത് " അന്ന് കുര്യൻ പറഞ്ഞു "ബെറ്റിയോട് ഇത് പറഞ്ഞ്, ബെറ്റി നോ പറഞ്ഞ് തീരാനുള്ളതല്ല എന്റെ പ്രണയം, ഞാൻ പറയും, അതിപ്പോൾ അല്ല, ബെറ്റി ഏറ്റവും ഹാപ്പി ആയി ഇരിക്കുന്ന ഒരു സമയം എപ്പോഴാണോ അപ്പോൾ, അതുവരെ പറയാത്തത് എന്റെ പേടിയായി ഇരുന്നോട്ടെ". അപ്പോൾ അയാളുടെ കണ്ണിൽ ഞാൻ കണ്ടത് കരുതലിന്റെ ബെറ്റിയോടുള്ള ബഹുമാനത്തിന്റെ പ്രകാശമായിരുന്നു....

ക്രിസ്മസ് അവധിക്ക് സ്കൂൾ പിരിഞ്ഞു. ഡിസംബർ 26 രാവിലെ പതിവുപോലെ ആദ്യം സ്പോർട്സ് പേജ് വായിച്ച് പിന്നോട്ട് വരുമ്പോൾ ഒരു പത്രവർത്ത "ബസ് തട്ടി പെൺകുട്ടിക്ക് ദാരുണാന്ത്യം". അധികം ചിരിക്കാത്ത കൊന്ത ഇട്ട ബെറ്റിയുടെ പടം....

കുര്യൻ വീണ്ടും സ്കൂളിൽ വന്നു, ഹിന്ദി ക്ലാസ്സിൽ പോയി, ഞങ്ങൾ ഒരുമിച്ച് പലതവണ പഫ്സ് കഴിച്ചു, പക്ഷെ ഒരിക്കൽ പോലും ബെറ്റിയെ പറ്റി സംസാരിച്ചിട്ടില്ല. അയാളുടെ ഉള്ളിലെ നീറ്റൽ അയാൾ ഒളിപ്പിച്ച് വെച്ച് പിന്നെയും മൈക്കിലൂടെ കുറെ എന്തൊക്കയോ പ്രസംഗിച്ചു.. പ്ലസ്ടു കഴിഞ്ഞു എല്ലാവരും പോകുന്ന ദിവസം കുര്യൻ മുകളിലുള്ള പരീക്ഷ ഹാളിൽ പോയി കുറെ നേരം ഇരുന്നു, എന്നിട്ട് എന്നോട് പറഞ്ഞു "അവിടെയാടാ ഞാൻ അവസാനമായി ബെറ്റിയെ കണ്ടത്, ക്രിസ്മസ് പരീക്ഷയുടെ അവസാന ദിവസം" അയാളുടെ ഒച്ച ആദ്യമായി ഇടറിയത് ഞാൻ കണ്ടത് അന്നാണ്...

സയൻസ് പഠിച്ച് ജോലികിട്ടി യൂറോപ്പിൽ എത്തിയപ്പോഴേക്കും പഴയ സൗഹൃദങ്ങൾ ഫേസ്ബുക്കിൽ "ഫ്രണ്ട്സ് യു മേ നോ " എന്ന് തെളിഞ്ഞു വരുന്ന സമയമായിരുന്നു. ഖദറിട്ട ഫോട്ടോയും കൂടെ കൈപ്പത്തിയും കണ്ട് റിക്വസ്റ്റ് ഇട്ടപ്പോൾ "ഡാ " എന്ന് മെസ്സഞ്ചറിൽ മെസ്സേജ് വന്നു. വാട്സ്ആപ് നമ്പർ വാങ്ങി വീഡിയോ കോൾ ചെയ്ത് വെക്കാറായപ്പോൾ ഞാൻ ചോദിച്ചു "ഫാമിലി?".. ചിരിച്ച് കൊണ്ട് പഴയ അതെ കരുതലിൽ പറഞ്ഞു " അന്നും ഇന്നും കൈപ്പത്തിയും ബെറ്റിയുമാണ് ജീവൻ "

ഞാൻ ഇന്ന് നാട്ടിൽ പോകുകയാണ്.. നാളെ കഴിഞ്ഞു ഇലക്ഷൻ ആണ്, എന്റെ മണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർഥി "കുര്യൻ ദാസ് ! "... ആദർശത്തോടും, സ്വന്തം ഇഷ്ടത്തോടും ഇത്രയും ആത്മാർത്ഥ ഉള്ള അയാൾക്ക് കോൺഗ്രസ്സുകാരനല്ലാത്ത ഞാനും വോട്ട് ചെയ്യാൻ പോകുന്നു.....

**അനീഷ് കുണ്ടറ**



MALABAR
GOLD & DIAMONDS

# MARK YOUR CALENDAR

Join us to celebrate the Grand Opening of our 2nd showroom in the UK, located in Leicester. We request your warm presence in experiencing our latest outlet and be enthralled by our exquisite brands and immense collections.

**Date :** 29th June, 2024

**Time :** 12:00 pm

**Venue :** Malabar Gold & Diamonds,
Golden Mile,
88-92 Belgrave Road,
Leicester, LE4 5AT.

**Tel :** +44 7586 888 916



OVER 350 SHOWROOMS ACROSS 13 COUNTRIES

# Millennium Wood Park, Derby





Photography by:

Milton Aloshious



# സൗഹൃദം

Subin Saly

ഓരോ വ്യക്തിയുടെ ജീവിതം എന്നും ആരംഭിക്കുന്നത് അവരുടെ മാതാവിലും പിതാവിലും നിന്ന് ആണ്. ജീവിതത്തിൽ അവരുടെ സ്വഭാവ വികസനത്തിന് വളർച്ചയിൽ ഒരു പരിധിവരെ ഒരു പങ്കു വഹിക്കാനാകും. എന്നിരുന്നാലും, ഓരോ പ്രായത്തിലേയും കൂട്ടുകാർ അവരിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ നമ്മൾ ചിന്തിക്കേണ്ട വിഷയമാണ്. ഞാൻ പറയുന്നത് എന്തെന്നാൽ, നമ്മളോട് ചേർന്ന് കടന്നു പോകുന്ന അല്ലെങ്കിൽ നമ്മിലൂടെ നമ്മുടെ കൂട്ടുകാർക്കുണ്ടാകുന്ന സ്വഭാവ രൂപീകരണത്തെക്കുറിച്ചാണ്. അതിനെ കുറച്ച് വാക്കുകൾ കൊണ്ട് പൂർണമായി വിവരിക്കാനാവില്ല, അങ്ങനെ ചെയ്തു കഴിഞ്ഞാലും അതു വായിക്കുന്നവർക്ക് അതിൽ ഒരു പൂർണത കാണാനാവില്ല.

നിങ്ങൾ ഒരിക്കൽ എങ്കിലും ചിന്തിച്ചിട്ടുണ്ടോ, ഓരോ വ്യക്തിയിലും അവരുടെ കൂട്ടുകാർ അവരുടെ വാക്കുകളിലൂടെ എത്രത്തോളം ആഴത്തിൽ സ്വാധീനം ചെലുത്തുന്നു എന്ന്. കാലങ്ങൾ മാറിമറിയുമ്പോൾ, നമ്മുടെ കൂടെയുള്ള പലരും അതിലെ മാറ്റങ്ങളിലൂടെ മുന്നോട്ട് പോകുന്നു.എന്നെങ്കിലും, നമ്മളാൽ ഒരാൾക്ക് അല്ലെങ്കിൽ ഒരു കൂട്ടം ആളുകൾക്ക് ചെറു പുഞ്ചിരി സമ്മാനിക്കാനോ അല്ലെങ്കിൽ അവരുടെ കൂടെ നിൽക്കാനോ സാധിച്ചിരുന്നെങ്കിൽ എന്ന്.


കുട്ടികളായിരിക്കുമ്പോഴാണ് നമ്മൾ ഏറ്റവും കൂടുതൽ സൗഹൃദം ആഗ്രഹിക്കുന്നതെന്ന് തോന്നുന്നുണ്ടാവാം. നമ്മുടെ സമൂഹത്തിൽ ഇതിന് കാരണമാവുന്നത് കുട്ടികൾ സൗഹൃദം കാണുന്നത് അവരുടെ കൂടെ കളിക്കാനും നടക്കാനും എന്നതിനാലാണ്. അവിടെ ജാതിയോ മതമോ പണമോ ഒന്നും കുട്ടികളുടെ സൗഹൃദത്തിൽ വ്യത്യാസം ഉണ്ടാക്കുന്നില്ല.എന്നാൽ, ഈ സത്യാവസ്ഥ ഏതൊരു ജീവിത കാലഘട്ടത്തെയും ഒരുപോലെ ബാധിക്കുന്നുവെന്ന വസ്തുത നമ്മൾ മറക്കുന്നോ എന്നുള്ളത് ചിന്തിക്കേണ്ടതാണ്. കാലം മാറുമ്പോൾ കഥകൾ മാറുന്നതുപോലെ, നമ്മുടെ ജീവിതത്തിലെ ഓരോ ഘട്ടങ്ങളിലും കൂട്ടുകാരുടെ സ്ഥാനം മാറിവരുന്നു. അവിടെ ജാതിയും മതവും പണവും സ്റ്റാറ്റസും ജോലിയും എല്ലാം കടന്നുവരുന്നു.മുതിർന്നപ്പോഴേക്കും, നമ്മുടെ സൗഹൃദം വളരെയധികം ചിന്തിക്കപ്പെട്ട ആസ്പദങ്ങളിലൂടെ നിശ്ചയിക്കപ്പെടുന്നു. ജോലി, കുടുംബ ജീവിതം, സാമൂഹിക സ്ഥാനം എന്നിവയൊക്കെ സൗഹൃദങ്ങളെ സ്വാധീനിക്കുന്നു. പലപ്പോഴും, കുട്ടിക്കാലം പോലെ സത്യസന്ധമായ, എളുപ്പത്തിൽ ഉള്ള സൗഹൃദം നേടിയെടുക്കുന്നത് ബുദ്ധിമുട്ടാണ്.എന്നിരുന്നാലും, നമ്മുടെ ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളിൽ ഉള്ള സൗഹൃദങ്ങൾ ഓരോന്നും പ്രത്യേകമായ മാധുര്യം കൊണ്ടുള്ളവയാണ്.

വിദ്യാർത്ഥികാലത്തെ സൗഹൃദം, പ്രൊഫഷണൽ ജീവിതത്തിലെ കൂട്ടുകാർ, കുടുംബബന്ധങ്ങൾ, ഓരോ നിമിഷത്തിലും ഇതിന്റെ സവിശേഷതകൾ ഉണ്ട്. സമാനതകൾക്കും വ്യത്യാസങ്ങൾക്കും ഇടയിലൂടെ കടന്ന് നമ്മുടെ ജീവിതം പുഷ്പിക്കുന്നു.ഇതിനാൽ, കാലം മാറിയാലും സൗഹൃദങ്ങളുടെ പ്രാധാന്യം മാറില്ല. ജീവിതത്തിലെ ഓരോ ഘട്ടങ്ങളിലും സൗഹൃദം നമ്മുടെ സന്തോഷത്തിനും മാനസിക സംതൃപ്തിക്കും ഏറെ പ്രസക്തമാണ്.അതുകൊണ്ടുതന്നെ, ഒരു കൂട്ടുകാരന്റെയോ അതോ കൂട്ടുകാരിയുടെയോ ജീവിതത്തിൽ നമ്മളാൽ ചെലുത്താവുന്ന ഏതൊരു നല്ല പ്രവർത്തിയും അവരിൽ സന്തോഷം ഉണർത്തുകയും, അതോടൊപ്പം, നമ്മളും അവരുടെ ജീവിതത്തിലെ ഒരു നല്ലൊരു കഥാപാത്രമായി മാറുകയും ചെയ്യപെടുന്നു.

ഇതിനാൽ ജീവിതത്തിൽ മാറിയ സാഹചര്യങ്ങൾക്കെതിരായ പോരാട്ടങ്ങളിലും, സന്തോഷകരമായ നിമിഷങ്ങളിലും, അവലോകനങ്ങളിൽ, സത്യസന്ധമായ സൗഹൃദങ്ങൾ എപ്പോഴും ഒരു പാഠവും പിന്തുണയും നൽകുന്നവയാണ്.എല്ലാവരിലും നല്ല സൗഹൃങ്ങൾ വളരട്ടെ അതു കാത്ത് സൂക്ഷിക്കാനും ആകട്ടെ എന്ന് പറഞ്ഞു കൊണ്ട് നിർത്തുന്നു.

നന്ദി

# Painting



Yedukrishna Rajesh





# Travelogue

-Ean Peter Manoj



*I looked around and saw so much stuff it wasn't expensive.*

## Part 4: Journey from Derby to France

(Visited Museum of World War I)

On the third day, I woke up at 7am, but I did my work pretty late. Also, I told my friend to wait, because of that me and my friend went late to eat our breakfast and we couldn't finish it completely. After that we got changed and went to a museum where we learned about how the French soldiers fought in World War 1 with trenches and how they sleeped, prayed and what food they ate. We were able to see a map of what their strategies were in the warfield and also the tools which they used to attack in the war . After that we were walking through an underground cave where the soldiers used to live before the war.

How did they survive there? After walking a lot through the cave and exploring. We went back to the place where we came from and there was a collection of model things which they used in the world war where we could buy it . I looked around and saw so much stuff it wasn't expensive.
There was so much stuff that I like but I didn't want it because i can't carry the weight of it and also it will be hard for me to take home. So I just bought a steel golden coin of war for 1 euro. After that we stayed there for a while. Our next destination was also an underground museum but in there we saw different soldier uniforms and different weapons as generations passed on. When I saw that I was able to see a massive change in both of them as their uniforms became more advanced and their weapons shape, size and design were also seen as different and the new weapons seemed pretty fascinating.


I saw various types of sharp, long knives and there were different types of it, with the knives there were some bags too. The different types of bags and guns as they changed as evolution passed on, I also saw some army pictures, some wine bottles and jars, cups, golden spoons, a cross, which they used to eat during war, some photos of some army families, snipers of each country and their differences, what did soldiers do a day to keep them entertained. I explored a lot there and was able to learn many things. After a few minutes of walking and watching a lot of history we came to an end and saw a shop.

My friend and I were super thirsty. But we didn't have any change of coins with us so we had to ask our teacher for a coin and then after we ran and quickly bought a bottle of water, the surprising thing is that we drank it all in one go. Then we went to another cemetery. There was a huge entrance, stairs and walls. Even in those walls it was filled with names. The land after that was a farm so we were not allowed to go there.

After staying quite a while there and seeing many burials. Then we went back to our resort. Got changed and we had an hour to play football . So my friends and I went to play football. After a lot It was time for dinner at 6:30pm. We didn't have such a nice meal but I ate it. So that I won't starve to death. Then we had a small game to do with groups. The game was to think of the item and find it from where it was hidden in the area. After the game we had time to play and go outside and do whatever we wanted. At this time I called my parents from my teacher's phone because I had no data in mine and then I went to bed at 10pm.

To be continued.....

# Destination of the Month



## Lumsdale Waterfall

### One of the best waterfalls to view in and around Derby

**Distance from Derby : 24 Miles**
**Travel time: 50-60 Minutes**
**Wheel chair/ Pram Accessibility : No**
**Walk from Carpark : 10 minutes walk if parked at Highfield School, Lumsdale**

rikshaw

# Happy Birthday







## Happy Birthday

# Sanal

With love : Bhavya

DMA

FATHERS DAY CONTEST

# WINNER



## Shyla Jayachandra Babu

**Varnanakalkku atheethamaya Snehathinte Peranu Achan❤️**

# DMA BADMINTON TOURNAMENT






DMA Badminton Tournament Winners: Intermediate Doubles - Rohit & Asha, Beginner - Royith & Janish, Kids Doubles - Chris & Diya, Women's Singles - Asha



Praveen & Nivin (Intermediate Doubles First Runners), Basil & Jibin (Beginner doubles First Runners), Alanso & Laksh (Kids Doubles First Runners), Diya (Women's Singles First Runner, Subin & Vishnu (Intermediate Doubles Second Runners)

The Derby Malayali Association (DMA) extends heartfelt congratulations to all members who participated in the recent Badminton Tournament. The event was a grand success, showcasing remarkable talent and sportsmanship. Special accolades go to our prize winners, whose dedication and skill were truly inspiring.

# Upcoming Events

Looking ahead, we eagerly anticipate Sports Day on June 29th and the upcoming Cricket Tournament on July 7th. These events promise to be exciting and we wish the best of luck to all participants.

To enhance the festivities, we have arranged a variety of delicious food from Spices County, ensuring a delightful culinary experience for everyone.







The support from our sponsors and well-wishers has been instrumental in the smooth functioning of the Derby Malayali Association, and we express our deepest gratitude.

Thank you to everyone who has contributed to making our events memorable. Your enthusiasm and support continue to drive our community forward.

Stay tuned for more updates and let's continue to celebrate the spirit of togetherness and healthy competition.

# Europe's Biggest South Indian Food Festival is Back!




Get ready for an explosion of flavours at our annual signature event EMMMA Malabar Food Festival 2024, taking place in *Leicester on Saturday, 6th July 2024!* Dive into Europe's grandest celebration of South Indian culture and cuisine, featuring mouthwatering dishes, live cooking, fun activities, and vibrant cultural performances.


Early Bird Ticket Pricing: Only £3!* Available until 25th June.

**Date : 6 July 2024**
**Venue: The City of Leicester College**
**Time: 11 AM - 8 PM**

For tickets and more information, visit:
www.malabarfoodfestival.com
Or contact us:
info@malabarfoodfestival.com
0333 339 8384



# കായിക ശാസ്ത്രം



# DMA



# e-തൂലിക

## Next Edition : 20th July 2024

കൂടുതൽ മികവാർന്ന ഉള്ളടക്കങ്ങളുമായി അടുത്ത ലക്കത്തിനുള്ള കാത്തിരിപ്പാണ് ഇനി.  ജൂലൈ 15 മുൻപായി സൃഷ്ടികൾ അയച്ച് തരണമെന്ന് അഭ്യർത്ഥിക്കുന്നു.

e-തൂലിക പത്രാധിപ സമിതി.

Please send your writings, articles,drawings and photographs for the next edition of the e-magazine by July 15th.

Please share Birthday wishes, Anniversary wishes, or any special occasions in e-thoolika for a small fee of £5.

**DMA WhatsApp :+44 7385 847043**

Thank you